**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സഞ്ചയ സോഫ്റ്റ് വെയർ - ഡേറ്റാ പ്യൂരിഫിക്കേഷൻ - 2017-18 സാമ്പത്തികവർഷം വരെ പഞ്ചായത്തുകളിലെ കെട്ടിടനികുതി പൂർണ്ണമായും ഒടുക്കിയ നികുതിദായകർക്ക് ഡേറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി ഉണ്ടായിട്ടുള്ള കുടിശ്ശിക ഒറ്റത്തവണത്തേയ്ക്ക് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്**

സ.ഉ.(സാധാ) നം.474/2019/തസ്വഭവ. തിരുവനന്തപുരം, തീയതി:01.03.2019

പരാമർശം:
1. സ.ഉ.(അ) നം.18/2011/തസ്വഭവ തീയതി 14.01.2011
2. സ.ഉ.(അ) നം.19/2011/തസ്വഭവ തീയതി 14.01.2011
3. സ.ഉ.(എം.എസ്.) നം.144/2015/തസ്വഭവ തീയതി 27.04.2015
4. പഞ്ചായത്ത് ഡയറക്ടറുടെ സി3-11350/18 തീയതി 13.12.2018 നമ്പർ കത്ത്.
5. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ IKM/IMPL/Corp/261/2019 നമ്പർ കത്ത്.
6. പതിനാലാം കേരള നിയമസഭയുടെ 14-ാം സമ്മേളനത്തിൽ ശ്രീ. കെ.എൻ.എ. ഖാദർ എം.എൽ.എ യുടെ സബ്മിഷന് (06.02.2019) ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി നൽകിയ മറുപടി.
7. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12.02.2019-ന് നടന്ന യോഗ തീരുമാനം.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2011 വരെ വാർഷിക വാടക മൂല്യം (Annual Rental Value) അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയമാണ് നടത്തിയിരുന്നത്. വാർഷിക വാടക മൂല്യ അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയത്തിലുള്ള അപാകതകൾ പരിഹരിച്ച് നികുതി നിർണ്ണയം ഏകീകരിക്കുന്നതിനായി സൂചന-(1)&(2) പ്രകാരം പ്ലിന്ത് ഏര്യ അടിസ്ഥാനത്തിൽ നികുതി കണക്കാക്കുന്നതിനുള്ള ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. വസ്തു നികുതി നിർണ്ണയം കുറ്റമറ്റതും കാര്യക്ഷമവുമാക്കുന്നതിനായി 2013 മുതൽ വസ്തുനികുതി പരിഷ്ക്കരണം ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച സഞ്ചയ എന്ന വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ വഴി ആക്കുകയും ഡേറ്റ എൻട്രി നടപടികൾ ആരംഭിക്കുകയും ചെയ്തു. സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി ആരംഭിച്ച സമയത്ത് ഗ്രാമ പഞ്ചായത്തുകൾ ഫീൽഡ് വേരിഫിക്കേഷൻ നടത്താതെ, പഞ്ചായത്തുകളിൽ ലഭ്യമായ പഴയ നികുതി അസസ്സ്മെന്റ്, ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തിയതുമൂലം സഞ്ചയ സോഫ്റ്റ് വെയറിൽ ചില

തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിരുന്ന കെട്ടിടങ്ങളെ സംബന്ധിച്ച തെറ്റായ വിവരങ്ങൾ കുറ്റമറ്റതാക്കുന്നതിനായി ഐ.കെ.എം. സഞ്ചയ ഡാറ്റാ പ്യൂരിഫിക്കേഷൻ മൊഡ്യൂൾ തയ്യാറാക്കുകയും ഗ്രാമപഞ്ചായത്തുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിരുന്ന വിവരങ്ങൾ ശരിയാണോയെന്ന് ഫീൽഡ് പരിശോധന നടത്തി ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി വരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി വരുമ്പോൾ നികുതി ഡിമാന്റിൽ വ്യതിയാനം വരികയും നികുതി കുടിശ്ശിക സഹിതം ഒടുക്കിയ നികുതിദായകർക്കും ഡിമാന്റ് വർദ്ധിച്ച് കുടിശ്ശിക ഡിമാന്റ് ജനറേറ്റ് ചെയ്യുന്ന തായി പഞ്ചായത്ത് ഡയറക്ടറും ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറും യഥാക്രമം പരാമർശം (4), (5) കത്തുകളിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

**(2)** സഞ്ചയ പ്യൂരിഫിക്കേഷൻ മൂലം ഇപ്പോൾ വർദ്ധനവ് വന്ന നികുതി തുകയിൽ 2017-18 സാമ്പത്തികവർഷം വരെയുള്ള മുൻകാല കുടിശ്ശിക പൂർണ്ണമായും ഒറ്റത്തവണ ഒഴിവാക്കി നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറും ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറും ശുപാർശ ചെയ്യുകയുണ്ടായി.

**(3)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം 2017-18 സാമ്പത്തിക വർഷം വരെയുള്ള കെട്ടിട നികുതി പൂർണ്ണമായും ഒടുക്കിയ നികുതിദായകർക്ക് സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി ഉണ്ടായിട്ടുള്ള കുടിശ്ശിക തുക ഒറ്റത്തവണത്തേയ്ക്ക് ഒഴിവാക്കി നൽകി ഉത്തരവാകുന്നു. ടി നികുതിദായകർ 2018-19 മുതൽ സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി നിർണ്ണയിച്ച നികുതി ഒടുക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷം വരെയുള്ള നികുതി പൂർണ്ണമായും ഒടുക്കാത്ത നികുതിദായകർക്ക് അവർ ഏത് അർദ്ധവർഷം വരെയുള്ള നികുതിയാണോ ഒടുക്കിയിട്ടുള്ളത് അതുവരെ സഞ്ചയ ഡാറ്റാ ശുദ്ധീകരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക ഒറ്റത്തവണത്തേയ്ക്ക് ഒഴിവാക്കി നൽകുന്ന താണ്. ടി കാലയളവിനു ശേഷം അവർ സഞ്ചയ ഡാറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി ജനറേറ്റ് ചെയ്തിട്ടുള്ള നികുതി ഒടുക്കേണ്ടതാണ്. കുടിശ്ശിക ഉൾപ്പെടെയുള്ള നികുതി പൂർണ്ണ മായും അടച്ച നികുതിദായകർക്ക് അവർ അധികമായി അടച്ച കുടിശ്ശിക തുക 2018-19 വർഷം മുതലുള്ള വസ്തു നികുതിയിൽ ക്രമീകരിച്ചു നൽകേണ്ടതാണ്.

**(4)** വാണിജ്യ വ്യവസായ കെട്ടിടങ്ങളുടെ വസ്തു നികുതി ആദ്യമായി നിശ്ചയി ക്കുമ്പോൾ, വാർഷിക വസ്തു നികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് 100%-ൽ അധികരിക്കാൻ പാടുള്ളതല്ലെന്ന് പരാമർശം-(3) പ്രകാരം ഉത്തരവായിരുന്നു. ടി ആനുകൂല്യം അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് കൂടി ബാധകമാക്കി ഉത്തരവാകുന്നു.

**(5)** സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റാ പ്യൂരിഫിക്കേഷന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തുകളിൽ നികുതി കുടിശ്ശിക ഒറ്റത്തവണ ഒഴിവാക്കുന്നതുൾപ്പെടെ ഈ ഉത്തരവിൽ പ്രതിപാദിക്കുന്ന ഭേദഗതികൾ ഉൾക്കൊള്ളിച്ച് ഇൻഫർമേഷൻ കേരള മിഷൻ, സഞ്ചയ സോഫ്റ്റ് വെയറിൽ വേണ്ട ക്രമീകരണങ്ങൾ അടിയന്തിരമായി വരുത്തേണ്ടതാണ്.

(6) സഞ്ചയ സോഫ്റ്റ് വെയർ വഴി നികുതി നിർണ്ണയം നടത്തുന്ന കോർപ്പറേഷൻ/നഗരസഭകളെ സംബന്ധിച്ച് ഈ വിഷയത്തിലുള്ള ആവശ്യമായ പ്രൊപ്പോസൽ നഗരകാര്യ ഡയറക്ടർ താമസംവിനാ സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടി.കെ. ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ),
തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ.
തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്.
തദ്ദേശ സ്വയം ഭരണ (എഫ് എം) വകുപ്പ്.
തദ്ദേശ സ്വയം ഭരണ (ഐ ബി) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ